**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **01-02-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കായുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ദലീമ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പ്രവാസികൾക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നിലവിലില്ല . |
| (ബി) | സംസ്ഥാനത്തെ പ്രവാസികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന പ്രവാസി ക്ഷേമ പദ്ധതികളെയും, സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | പ്രവാസികളുടെ ക്ഷേമ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് സഹായം ആവശ്യപ്പെട്ടിരുന്നതെന്നും കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല നടപടി ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസം ഉറപ്പ് വരുത്തുന്നതിന് 2000 കോടി രൂപയുടെ പാക്കേജ് അനുവദിക്കുന്നതിനായി ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരുന്നെ ങ്കിലും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല. |
| (ഡി) | തിരക്കേറിയ സീസണുകളിൽ വിമാനകമ്പനികൾ പ്രവാസികളിൽ നിന്ന് ഉയർന്ന നിരക്ക് ഈടാക്കുന്നതിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | വിമാന യാത്രാനിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും, സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും, കേന്ദ്ര വ്യോമയാന മന്ത്രാലയത്തോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന നിരക്കിലുള്ള ഡൈനാമിക്ക് പ്രൈസിംഗ് രീതി കുറക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം 2022 നവംബർ മാസത്തിൽ ന്യൂഡൽഹിയിൽ വെച്ച് നടന്ന സിവിൽ ഏവിയേഷൻ കോൺഫറൻസിൽ സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്.<br><br>അവധിക്കാലങ്ങളിൽ വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുവാൻ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട്  അഭ്യർത്ഥിച്ചിരുന്നെങ്കിലും, വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, യാത്രക്കാരുടെ തിരക്ക്,  ലാഭം എന്നിവ  പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുണ്ടായിരുന്ന നിയന്ത്രണം കേന്ദ്രസർക്കാർ എടുത്തുകളഞ്ഞതിലൂടെ വിമാനക്കമ്പനികൾക്ക്  സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്.<br><br>സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST-യിൽ  സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) **സാന്ത്വന പദ്ധതി** - പ്രവാസ ജീവിതം കഴിഞ്ഞ് മടങ്ങിയെത്തിയവരിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തിര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ധനസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്ക് 1 ലക്ഷം രൂപവരെയും, ഗുരുതര രോഗങ്ങൾക്ക് ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപ വരെയും മറ്റ് ചികിത്സയ്ക്ക് 20,000/- രൂപ വരെയും, സാമ്പത്തികമായി പിന്നാക്കമായി ട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് 15,000/- രൂപയും ധനസഹായം നൽകുന്നു. കൂടാതെ, പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽ ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെ ധനസഹായം നൽകുന്നു. സാന്ത്വന പദ്ധതിയുടെ ഗുണഫലം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 30 കോടി രൂപയിൽ നിന്ന് 33 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

2) **പ്രവാസി പുനരധിവാസ പദ്ധതി (NDPREM)** - വിദേശത്ത് നിന്നും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിൻതുണ നൽകുന്ന പദ്ധതി. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്ന പദ്ധതിയിൽ, 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ലഭ്യമാക്കുന്നുണ്ട്. NDPREM പദ്ധതിയുടെ പദ്ധതിവിഹിതം 2022 - 23 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപയായി വർദ്ധിപ്പിച്ചു.

3) **നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി(പ്രവാസി ഭദ്രത):-** കോവിഡ് മൂലം തൊഴിൽ നഷ്ടപെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി 50 കോടി രൂപ വകയിരുത്തി ആരംഭിച്ച നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

I) **പ്രവാസി ഭദ്രത (പേൾ)** - അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപെട്ട പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ മുഖാന്തിരം പരമാവധി 2 ലക്ഷം രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

II) **പ്രവാസി ഭദ്രത (മൈക്രോ)** - വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോഓപ്പറേറ്റീവ് സൊസൈറ്റികൾ, കെ.എസ്.എഫ്.ഇ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന പരമാവധി 5 ലക്ഷം രൂപ വരെ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നു . അഞ്ചു ലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യം തന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി നൽകുന്നതാണ്.

III) **പ്രവാസി ഭദ്രത (മെഗാ)** - സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തിരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നു. പ്രസ്തുത പലിശ നിരക്കിൽ, 5% ഉണഭോക്താവ് നൽകേണ്ടതാണ്. 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സ് അനുവദിക്കും.

**4) നോർക്ക റൂട്ട്സ് ഓൺലൈൻ സ്കിൽ രജിസ്ട്രറി**

മടങ്ങിയെത്തിയ പ്രവാസികളിൽ വീണ്ടും വിദേശത്ത് ജോലി ചെയ്യാൻ താൽപ്പര്യമുള്ളവർക്കും വിദേശത്ത് ജോലി തേടുന്നവരെയും സഹായിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതി.

**5) സ്കിൽ അപ്ഗ്രഡേഷൻ&റീ-ഇന്റഗ്രേഷൻ പ്രോഗ്രാം** - രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, ആശയ വിനിമയ വൈദഗ്ദ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി നടത്തിവരുന്ന സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം പദ്ധതിയുടെ ഭാഗമായി തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

**6) നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്** -കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി.

**7) ഗ്ലോബൽ കോൺടാക്ട് സെന്റർ** - പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും, സംശയ നിവാരണത്തിനും ഉതകുന്ന ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന ലോകോത്തര മാതൃകയിലുള്ള ഗ്ലോബൽ കോൺടാക്ട് സെന്റർ നോർക്ക റൂട്ട്സ് വഴി 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**8) പ്രവാസി നിയമസഹായ സെൽ** - കേരളീയരായ പ്രവാസികളുടെ ജോലി സംബന്ധമായും, വിസ, പാസ്പോർട്ട്, മറ്റുസാമൂഹ്യ പ്രശ്നങ്ങൾ, ആശുപത്രി ചികിത്സ, ജയിൽ ശിക്ഷ തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അതാത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതി. ഇതിനായി ആറ് ജി.സി.സി രാജ്യങ്ങളിലേക്കായി 11 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു.

**9) വനിത എൻ.ആർ.ഐ.സെൽ** - വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിച്ച് യഥാവിധം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി വേണ്ട നടപടികൾ കൈകൊള്ളുന്നതിനും നോർക്ക റൂട്ട്സിൽ പ്രവാസി വനിതാ സെൽ രൂപീകരിച്ചു

**10) ജില്ലാ പ്രവാസി പരാതിപരിഹാര കമ്മിറ്റി**- പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായിഎല്ലാ ജില്ലകളിലും ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചു

**11) പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം** -പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ച ഈ പദ്ധതി പ്രകാരം പ്രവാസികൾ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ഒറ്റതവണ ധനസഹായം നൽകുന്നു. കൂടാതെ പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമവികസന സഹകരണ സംഘം ക്ലിപ്തം 4499 രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

12) **നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്-** നോർക്ക റൂട്ട്സും ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷനുമായി സഹകരിച്ച്, അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന മലയാളികളെ അല്ലെങ്കിൽ മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നും, കൂടാതെ മംഗലപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ നിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്നതിന് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് ആരംഭിച്ചു

13) **എമർജൻസി റിപാട്രിയേഷൻ ഫണ്ട്** - അടിയന്തര ഘട്ടങ്ങളിൽ, വിദേശ രാഷ്ട്രങ്ങളിലുള്ള പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്ത് നിന്നോ നാട്ടിലുള്ള വിമാനത്താവളങ്ങളിൽ സ്വീകരിച്ച് അതാത് പ്രദേശങ്ങളിലേയ്ക്ക്/ആശുപത്രികളിലേയ്ക്ക് എത്തിക്കുന്ന തിന് എമർജൻസി റിപാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

14) **നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം** - എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയിൽ, വിദേശ രാജ്യങ്ങളിൽ വെച്ച് മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ, സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നു .

15) **നോർക്ക ഐഡി കാർഡ്** - നോർക്ക ഐഡി കാർഡ് എടുക്കുന്ന പ്രവാസിക്ക് നിലവിൽ അപകടം മൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും അപകടം മൂലമുള്ള ഭാഗികമോ/ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു.

16) **ക്രിട്ടിക്കൽ കെയർ ഇൻഷ്വറൻസ് പദ്ധതി** - വിദേശത്തു ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതര അസുഖങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയിൽ 18-നും 60-നും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്നതാണ്. പോളിസിയിൽ പറയുന്ന പ്രകാരമുള്ള രോഗമുണ്ടായാൽ ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും കൂടാതെ 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു.

17) **സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ** - കേരളത്തിൽ നിന്നുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് നോർക്ക-റൂട്ട്സ്. എല്ലാ ജി.സി.സി. രാജ്യങ്ങളിലേക്കുമുള്ള എച്ച്.ആർ.ഡി അറ്റസ്റ്റേഷൻ ലഭ്യമാക്കുന്നുണ്ട് .

18) **ജോബ് പോർട്ടൽ-** ഇടനിലക്കാരെ ഒഴിവാക്കി വിദേശ തൊഴിൽദാതാക്കളുമായി നേരിട്ട് തൊഴിൽ അന്വേഷകരെ ബന്ധപ്പെടുത്തുന്നതിനായുള്ള ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

19) **മാർക്കറ്റ് റിസർച്ച് പദ്ധതി-** റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസേർച്ച് പദ്ധതി രൂപീകരിച്ചിട്ടുണ്ട്

20) **പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ** - തൊഴിൽ അന്വേഷകർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും, സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പി ക്കുന്നതിനുമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്

## II. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന ലഭിക്കുന്ന സേവനങ്ങൾ

**(1)പെൻഷൻ-** 60 വയസ്സ് പൂർത്തിയായതും, 5 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗങ്ങളിൽ, പ്രവാസി കേരളീയനായ (വിദേശം)-(1 എ) അംഗങ്ങൾക്ക് 3,500/- രൂപയും, മുൻ പ്രവാസി കേരളീയനായ (വിദേശം)-(1 ബി ) അംഗങ്ങൾക്കും, പ്രവാസി കേരളീയൻ (ഭാരതം )-(2 എ) അംഗങ്ങൾക്കും 3,000/- രൂപ വീതവും പ്രതിമാസം മിനിമം പെൻഷൻ നൽകി വരുന്നു. 5 വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷൻ അനുവദിക്കുന്നുണ്ട് .

**(2)കുടുംബ പെൻഷൻ** - ഒരു അംഗം പെൻഷന് അർഹത നേടിയതിന് ശേഷം മരണമടയുന്ന പക്ഷം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം നിയമാനുസൃത അവകാശിക്ക് പ്രതിമാസം കുടുംബ പെൻഷനായി ലഭിക്കുന്നതാണ്.

**(3)അവശതാ പെൻഷൻ** - പ്രവാസി ക്ഷേമ നിധിയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതുമായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയുടെ 40% ന് തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**(4) മരണാനന്തര ധനസഹായം** - പ്രവാസി ക്ഷേമനിധിയിൽ, അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം)-(1 എ) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും, മുൻ പ്രവാസി കേരളീയനായ (വിദേശം)-(1 ബി) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയൻ (ഭാരതം )-(2 എ) അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കൽപിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(5)ചികിത്സാ ധനസഹായം** - ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് കാറ്റഗറി വ്യത്യാസമില്ലാതെ അംഗത്വകാലയളവിൽ അൻപതിനായിരം രൂപ വരെ ചികിത്സ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(6)വിവാഹ ധനസഹായം** -കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്നതോ, വിവാഹത്തിന് മുൻപായി മൂന്ന് വർഷത്തെ അംശദായം മുൻകൂറായി അടച്ചിട്ടുള്ളതോ ആയ അംഗങ്ങളുടെ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹ ചെലവിനായി 10,000/- രൂപ അനുവദിക്കുന്നു. പരമാവധി രണ്ടുതവണയാണ് ആനുകൂല്യത്തിന് അർഹത .

**(7) പ്രസവാനുകൂല്യം -** കല്പിതാംഗങ്ങൾ ഒഴികെയുള്ള തുടർച്ചയായി രണ്ടുവർഷക്കാലം അംശദായം അടച്ചിട്ടുള്ള വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 3,000/- രൂപയും, ഗർഭം അലസൽ സംഭവിച്ചവർക്ക് 2000/- രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ പ്രസവാനുകൂല്യത്തിനോ, ഗർഭം അലസലിനുള്ള ആനുകൂല്യത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല.

**(8) വിദ്യാഭ്യാസ ആനുകൂല്യം** - രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 4,000/- രൂപ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(9) പ്രവാസി ഡിവിഡന്റ് പദ്ധതി-** പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതോടൊപ്പം പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ദീർഘകാല നിക്ഷേപ പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനം വരെ സുസ്ഥിരമായ മാസവരുമാനം ഉറപ്പാക്കുന്ന പദ്ധതിയിൽ 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസിയായ കിഫ്ബിയ്ക്ക് കൈമാറി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുന്നതുമാണ്. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് കിഫ്ബി നൽകുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് നിലവിൽ ഉറപ്പാക്കപ്പെട്ട 10% ഡിവിഡന്റ് നൽകുന്നത്. ആദ്യ മൂന്ന് വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപതുകയോടൊപ്പം ചേർക്കും. ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും അദ്ദേഹത്തിന്റെ കാലശേഷം ജീവിത പങ്കാളിക്കും ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം ആദ്യ 3 വർഷത്തെ ഡിവിഡന്റ് ഉൾപ്പെടെയുള്ള നിക്ഷേപ തുക നോമിനി/ അനന്തരാവകാശിക്ക് കൈമാറുന്നതോടെ പ്രതിമാസം ഡിവിഡന്റ് നൽകുന്നത് അവസാനിക്കും.

**(10) പ്രവാസി ഭവന പദ്ധതി :-** കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ അർഹരായ അംഗങ്ങൾ ബാങ്കുകൾ/ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന 20 ലക്ഷം രൂപ വരെയുള്ള ഭവനവായ്പകൾക്ക് 5% സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പ്രവാസി ഭവന പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

Sebinul
സെക്ഷൻ ഓഫീസർ